# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

10.06.2019 -ലെ മറുപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.986

**ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണം തടയാൻ നടപടി**

**ചോദ്യം**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

**ശ്രീ.പി.കെ. ശശി**
**,, ആന്റണി ജോൺ**
**,, പി.ടി.എ. റഹീം**
**,, കെ.സുരേഷ് കുറുപ്പ്**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജലവകുപ്പിന്റെ അംഗീകാരവും 10/01/2014 മുതൽ നിർബന്ധമാണ്.<br>കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്റ്റിലെ വകുപ്പ് 21 (2) A,B പ്രകാരം ചട്ടലംഘനം നടത്തിയിട്ടുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ആദ്യ കുറ്റത്തിന് 2,000/- രൂപ വരെയുള്ള പിഴയും രണ്ടാമത്തേയും അതിനു ശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരുന്ന തടവ് ശിക്ഷയോ, 10,000/- രൂപ വരെ ആകാവുന്ന പിഴയോ ആണ് നിക്ഷ്കർഷിച്ചിട്ടുള്ളത്.<br>സംസ്ഥാനത്ത് ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനു വേണ്ടി കേരള സംസ്ഥാന ഭൂജലനിയന്ത്രണവും ക്രമീകരണവും ആക്റ്റ് (2002) - ഭേദഗതി ചെയ്യുന്നതിന് സാങ്കേതിക കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 18/02/2019-ന് നടന്ന 30-മത് സംസ്ഥാന ഭൂജല അതോറിറ്റി യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| ബി) | ഓരോ പ്രദേശത്തെയും ഭൂഗർഭ ജലനിരപ്പിന്റെ അളവ് നിർണ്ണയം നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ബി) | ഭൂജലവിതാന ഡേറ്റ, പ്രദേശത്തെ മണ്ണിന്റെ ഘടന, മഴയുടെ ലഭ്യത, ഹൈഡ്രോജിയോളജിക്കൽ ഘടകങ്ങൾ എന്നിവ താരതമ്യം ചെയ്ത് കേരള ഭൂജലവകുപ്പും കേന്ദ്ര ഭൂജലബോർഡും |

| | | | |
|---|---|---|---|
| | | | സംയുക്തമായി പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിന്റെ ഭൂജലസ്ഥിതിയെപ്പറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട് ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള - മാർച്ച് - 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ 152 ബ്ലോക്കുകളെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സുരക്ഷിതം, ഗുരുതരം, അതീവ ഗുരുതരം, അമിത ചൂഷണ ബ്ലോക്കുകളായും തരം തിരിച്ച് ഭൂജലവിനിയോഗം ക്രമീകരിക്കുകയും ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ളോക്ക് അമിത ചൂഷിത ബ്ളോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ളോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ളോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ളോക്ക്, പാനൂർ ബ്ളോക്ക്, തലശ്ശേരി ബ്ളോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ളോക്കുകൾ എന്നിവയും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം കൊല്ലം ജില്ലയിലെ മുഖത്തല ബ്ളോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ളോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ളോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, ബാക്കിയുള്ള 131 ബ്ളോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2017 മാർച്ച് വരെയുള്ള ഭൂജലസമ്പത്ത് കണക്കാക്കുന്നതിനുള്ള സംയുക്ത പഠനം പൂർത്തീകരിക്കുകയും റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാകുന്നു. |
| സി) | വൻകിട ഫ്ലാറ്റുകളിലും ഹോട്ടലുകളിലും ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നത് കണ്ടെത്തിയാൽ അവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | വൻകിട ഫ്ളാറ്റുകൾ, ഹോട്ടലുകൾ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയ വ അമിതമായി ഭൂജലം ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടാൽ പ്രസ്തുത ഉപയോഗം നിർത്തിവെക്കാനും, പമ്പിംഗിന് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ പിടിച്ചെടുക്കുവാനുമുള്ള അധികാരം ഭൂജലനിയന്ത്രണവും ക്രമീകരണവും ആക്ട് (2002) പ്രകാരം നൽകിയിട്ടുണ്ട്. ഇത് കൂടാതെ അനധികൃത ഭൂജലവികസനഉപയോഗത്തിന് 2,000/- രൂപ മുതൽ 10,000/- രൂപ വരെ പിഴ ചുമത്തുവാനും നിയമം വ്യവസ്ഥ ചെയ്യുന്നു. ഫ്ലാറ്റുകൾ, ഹോട്ടലുകൾ മുതലായവ അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | | | വികസന പദ്ധതികളുടെ പരിധിയിൽ വരുന്നതാക ന്നതിനാൽ പ്രസ്തുത ഉപയോഗങ്ങൾ പമ്പിംഗ് ടെസ്റ്റ് തുടങ്ങിയ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാന ത്തിലാണ് ഭൂജലഉപയോഗം ക്രമീകരിച്ച് വരുന്നത്. ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നുവെന്ന പരാതികൾ ലഭിച്ചാൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഭൂഗർഭ ജലവിതാനം ഉയർത്തുന്ന തിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഭൂജലവകുപ്പ് ഭൂജലസംരക്ഷണത്തിനായി കൃത്രിമഭൂജലസംപോഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അവലംബിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പിന് 350 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. വിവിധ ജില്ലകളിൽ 76 എണ്ണം തുറന്ന കിണർ/റീചാർജ്ജ്പിറ്റ് പദ്ധതികളും, കുഴൽകിണർ റീചാർജ്ജ് പദ്ധതികൾ 5 എണ്ണം കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചു. 2019-20 സാമ്പത്തിക വർഷം 450 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്ന് ലഭ്യമായിട്ടുള്ള 200 ലക്ഷം രൂപയുടെ കൃത്രിമഭൂജലസംപോഷണ പദ്ധതികളുടെ പ്രൊപ്പോസലിന്മേൽ സൂക്ഷ്മ പരിശോധന പുരോഗ മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ